(എ) നെയ്യാറിൻകര താലൂക്കിൽ കോട്ടുകാൽ പകുതിയിൽ കൃഷിക്കു നേരിട്ടിരിക്കുന്ന വൈഷമ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി അംഗീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) എ-യുടെ ഉത്തരംമൂലം (ബി) ഉത്ഭവിക്കുന്നില്ല.

മുനിസിപ്പാലിറ്റി കരം.

182. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ദയവു മറുപടി പറയുമോ?

മുനിസിപ്പൽ കൌൺസിലുകളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രാതിനിധ്യംകുറഞ്ഞ സമുദായങ്ങളുടെ പ്രാതിനിധ്യത്തെ ലക്ഷ്യമാക്കിയാണോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : Yes. It is so.

MR. P. K. KRISHNAN SASTRI : ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെ നോമിനേറ്റു ചെയ്തിട്ടുണ്ടോ ?

HON'BLE MR. G. RAMACHANDRAN : അതിന് നോട്ടീസു വേണം.

പിന്നോക്കസമുദായകാളനി.

183. MR. P. K. KRISHNAN SASTRI : കൊല്ലം താലൂക്കിൽ നെടുമ്പന പകുതി സർവ്വെ നമ്പരുകൾ 1-ാം നമ്പരിൽപ്പെട്ട 10 ഏക്കർ സ്ഥലം പിന്നോക്കസമുദായങ്ങൾക്കു കുടി കാളനിക്കായി തിരിച്ചു തരണമെന്ന അപേക്ഷയും അതിനു ശേഷവും അപേക്ഷിച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിൽ എന്തു നടപടി എടുത്തുവെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : ഉണ്ട്. തൽക്കാലം ഇതുസംബന്ധിച്ചുള്ള നടപടികൾ മാറ്റി വച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly